ഉത്തരം

(എ) ഉണ്ട്.

(ബി) പുനർ നിർമ്മാണത്തിന് വേണ്ടി ധനസഹായത്തിന് അപേക്ഷ ലഭിച്ചാൽ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

തിരുവനന്തപുരം നഗരപരിധിയിലെ ക്ഷേത്രക്കുളങ്ങളിലെ മരണങ്ങൾ

65 (1860) ശ്രീ. എ. സുജനപാൽ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ ദേവസ്വം ബോർഡിന്റെ കീഴിൽ തിരുവനന്തപുരം നഗരത്തിലുള്ള ഏതെല്ലാം ക്ഷേത്രക്കുളങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ;

(ബി) ഈ മരണങ്ങൾക്കു ശേഷം ഈ കുളം വറ്റിച്ചു വൃത്തിയാക്കുവാൻ ദേവസ്വം ബോർഡ് നടപടിയെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തു കൊണ്ടാണ് ;

(ഡി) ഈ കുളം വറ്റിച്ചു വൃത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രീവരാഹം ക്ഷേത്രക്കുളത്തിൽ 10 പേരും ശ്രീകണ്ഠേശ്വരം, ഉള്ളൂർ, പിരപ്പൻകോട് എന്നീ ക്ഷേത്രക്കുളങ്ങളിൽ ഒരാൾ വീതവും മരണപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ദുർമരണങ്ങളെ തുടർന്ന് ക്ഷേത്രാചാരങ്ങൾ പാലിച്ചുകൊണ്ട് കുളത്തിൽ പുണ്യാഹം, ശുദ്ധികലശം മുതലായവ ദേവസ്വം മന്ത്രി, മേൽശാന്തി എന്നിവരുടെ കാർമ്മികത്വത്തിൽ യഥാസമയം നടത്തിയിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഭക്ഷ്യ എണ്ണ ഇറക്കുമതി

66 (1861) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻതോതിലുള്ള ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാനത്തെ നാളികേര കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാളികേര കൃഷിയെക്കാൾ എണ്ണപ്പന കൃഷിയാണ് ലാഭമെന്നും നാളികേരത്തിന് നൽകുന്ന താങ്ങുവില നിർത്തലാക്കണമെന്നും കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവ്വേയിൽ പറഞ്ഞിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പാമോയിൽ ഉൾപ്പെടെയുള്ള ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്യുന്നത് സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ എണ്ണ പ്രത്യേകിച്ചും പാമോയിൽ പോലുള്ള വില കുറഞ്ഞ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി ഡബ്ല്യു. റ്റി. ഒ. നിബന്ധിത പരമാവധി നിരക്കായ 300 ശതമാനമാക്കണമെന്നും ഇവയുടെ ഗുണമേന്മയുടെ കാര്യത്തിൽ സ്വീകരിക്കേണ്ട വ്യവസ്ഥകൾ കൃത്യമായി പാലിച്ച് ഇറക്കുമതി നിരുൽസാഹപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭക്ഷ്യ എണ്ണ ഇറക്കുമതി നിയന്ത്രിക്കുന്നതിന് നിലവിലുള്ള ഏറ്റവും ഫലപ്രദമായ നടപടി വിലകുറഞ്ഞ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക എന്നതാണ്. അതിനാൽ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി തീരുവ ഡബ്ല്യു. റ്റി. ഒ. നിബന്ധിത പരമാവധിയായ 300 ശതമാനമായി ഉയർത്തണമെന്നും ഇറക്കുമതി പരമാവധി നിയന്ത്രിക്കണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഭക്ഷ്യഎണ്ണ ഇറക്കുമതിക്കുള്ള കേന്ദ്ര തീരുമാനം

67 (1862) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻഡ്യയിലെ വൻതോതിലുള്ള ഭക്ഷ്യഎണ്ണ ഇറക്കുമതി സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ ഏതുവിധത്തിൽ ബാധിക്കുമെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly